
# 4 ഇന്ത്യൻ ഭരണഘടനയിലെ അധികാരവിന്യാസം






"വർഷങ്ങൾക്കുമുമ്പ് നാം വിധിയുമായി ഒരു കൂടിക്കാഴ്ച നടത്തി. ആ പ്രതിജ്ഞ പൂർണ്ണമല്ലെങ്കിലും സുപ്രധാനമായിത്തന്നെ നമ്മൾ നിറവേറ്റിയ സമയമായിരിക്കുന്നു. ഇന്ന് പാതിരാമണി മുഴങ്ങുമ്പോൾ ഇന്ത്യ ഉണർന്നെഴുന്നേൽക്കും. പുതുജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും...

ഒരു യുഗം അവസാനിക്കുന്നു. ദീർഘനാളായി അടിച്ചമർത്തപ്പെട്ടിരുന്ന ഒരു രാഷ്ട്രത്തിന്റെ ആത്മാവ് ശബ്ദിക്കുന്നു. ഈ അപൂർവ നിമിഷത്തിൽ ഇന്ത്യയുടെയും ഇവിടത്തെ ജനങ്ങളുടെയും മനുഷ്യരാശിയുടെയും ആകെത്തന്നെയും സേവനത്തിനായി സ്വയം അർപ്പിച്ചുകൊണ്ട് നമുക്ക് പ്രതിജ്ഞ ചെയ്യാം"

സ്വാതന്ത്ര്യപ്പുലരിയിൽ പ്രഥമപ്രധാനമന്ത്രി ജവഹർലാൽ നെഹ്റു രാഷ്ട്രത്തെ അഭിസംബോധനചെയ്ത് നടത്തിയ പ്രസംഗത്തിലെ ഒരു ഭാഗമാണ് മുകളിൽ നൽകിയിട്ടുള്ളത്.

വൈദേശികഭരണത്തിന്റെ കെടുതികൾ കുടഞ്ഞെറിഞ്ഞ് പ്രതീക്ഷാനിർഭരവും ഉത്തരവാദിത്വപൂർണ്ണവുമായ പാതയിലേക്ക് രാജ്യത്തെ നയിക്കാനുള്ള ആഹ്വാനമാണ് ഭരണഘടനാനിർമ്മാണസഭയിൽ നെഹ്റു നൽകുന്നത്. 1947 ആഗസ്റ്റ് 15ന് ഇന്ത്യ നേടിയ സ്വാതന്ത്ര്യം നമ്മുടെ ഭരണഘടനാനിർമ്മാണ സഭയെ ഏൽപ്പിച്ച ഉത്തരവാദിത്വം വളരെ വലുതും പ്രധാനപ്പെട്ടതുമായിരുന്നു. ബ്രിട്ടീഷ് ഭരണത്തിൽ വിവേചനപരവും ജനാധിപത്യവിരുദ്ധവും നീതിരഹിതവുമായ നടപടികൾക്ക് ജനങ്ങൾ വിധേയമാക്കപ്പെട്ടിരുന്നു. അക്കാലത്ത് ഇന്ത്യൻസമൂഹത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയും മറ്റു സാമൂഹിക ദുരാചാരങ്ങളും മനുഷ്യാവകാശലംഘനങ്ങളും ആധുനികസമൂഹത്തിന് ചിന്തിക്കാൻ കഴിയുന്നതിനും അപ്പുറമായിരുന്നു. സ്വാതന്ത്ര്യാനന്തരം ഇവയ്ക്കെല്ലാം പരിഹാരമാകുന്ന ഒരു ജനാധിപത്യഭരണക്രമവും ക്ഷേമരാഷ്ട്രസംവിധാനവും ഉണ്ടാകണമെന്ന ചിന്ത നമ്മുടെ ദേശീയ പ്രസ്ഥാനത്തിനും ജനങ്ങൾക്കുമുണ്ടായിരുന്നു.

സ്വതന്ത്ര ഇന്ത്യ ജനങ്ങൾക്കു നൽകിയ പ്രധാനപ്പെട്ട രണ്ടുവാഗ്ദാനങ്ങളായിരുന്നു ജനാധിപത്യഭരണക്രമവും ക്ഷേമരാഷ്ട്രനിർമ്മാണവും. ഇതിലേക്കുള്ള ചുവടുവയ്പ്പായിരുന്നു ഭരണഘടനാനിർമ്മാണസഭയുടെ രൂപീകരണവും നെഹ്റു അവതരിപ്പിച്ച ലക്ഷ്യപ്രമേയവും.

## ലക്ഷ്യപ്രമേയത്തിൽ നിന്നും ഭരണഘടനയിലേക്ക്

### ലക്ഷ്യപ്രമേയം

- ഭരണഘടനാനിർമ്മാണസഭ ഇന്ത്യ ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കായി തീർക്കുവാനും അതിനായി ഒരു ഭരണഘടന തയ്യാറാക്കുവാനുമുള്ള ഗൗരവമേറിയ ദൃഢനിശ്ചയം പ്രഖ്യാപിക്കുന്നു.
- സ്വതന്ത്ര പരമാധികാര ഇന്ത്യ എന്നത് പഴയ ബ്രിട്ടീഷ് ഇന്ത്യൻ പ്രദേശങ്ങൾ, ഇന്ത്യൻ സംസ്ഥാനങ്ങൾ, ഇന്ത്യൻ യൂണിയന്റെ ഭാഗമാകാൻ തയ്യാറുള്ള ബ്രിട്ടീഷ് ഇന്ത്യക്ക് പുറത്തുള്ള മറ്റുഭാഗങ്ങൾ എന്നിവയുടെ ഒരു യൂണിയനായിരിക്കും.
- ഇന്ത്യൻ യൂണിയൻ രൂപീകരിക്കുന്ന പ്രദേശങ്ങൾ സ്വയംഭരണ യൂണിറ്റുകളായിരിക്കും. കൂടാതെ, കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാകാതെയുള്ള എല്ലാ അധികാരങ്ങളും ചുമതലകളും അവയ്ക്ക് നൽകപ്പെടും.
- സ്വതന്ത്ര പരമാധികാര ഇന്ത്യയുടെ എല്ലാ അധികാരങ്ങളും ജനങ്ങളിൽ നിന്നുമായിരിക്കും ഉത്ഭവിക്കുക.
- ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും പദവിസമത്വവും അവസരസമത്വവും നിയമത്തിന് മുമ്പിലുള്ള സമത്വവും കൂടാതെ നിയമത്തിനും പൊതുധാർമ്മികതയ്ക്കും വിധേയമായി സംസാരം, ആവിഷ്കാരം, വിശ്വാസം, ആരാധന, തൊഴിൽ, സംഘടനയും പ്രവർത്തനവും എന്നീ മൗലികസ്വാതന്ത്ര്യങ്ങളും ഉറപ്പാക്കുകയും സംരക്ഷിക്കുകയും ചെയ്യും.

1946 ഡിസംബർ 13ന് ഭരണഘടനാനിർമ്മാണസഭയിൽ ജവഹർലാൽ നെഹ്റു അവതരിപ്പിച്ച ലക്ഷ്യപ്രമേയത്തിലെ ചില ആശയങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ദേശീയപ്രസ്ഥാനം മുന്നോട്ടുവച്ച പ്രധാനാശയങ്ങളാണ് ലക്ഷ്യപ്രമേയത്തിൽ ഉൾക്കൊണ്ടിരിക്കുന്നത്.

ദേശീയപ്രസ്ഥാനം മുന്നോട്ടുവച്ചിട്ടുള്ള ഏതൊക്കെ ആശയങ്ങളാണ് ലക്ഷ്യപ്രമേയത്തിൽ ഉൾപ്പെട്ടിട്ടുള്ളത്?

- അവസരസമത്വം.
- 
- 
- 

## ഭാരതത്തിന്റെ ഭരണഘടന

### ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;**
സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976-ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

ലക്ഷ്യപ്രമേയത്തിൽ അവതരിപ്പിക്കപ്പെട്ട എന്തെല്ലാം ആശയങ്ങളാണ് ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് താരതമ്യം ചെയ്ത് കണ്ടെത്തുക..

- പരമാധികാരം ജനങ്ങൾക്ക്
- 
- 
- 

ലക്ഷ്യപ്രമേയത്തിലെ വിവിധ ആശയങ്ങൾ നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമായല്ലോ? ആമുഖത്തിൽ സൂചിപ്പിച്ചിട്ടുള്ള ആശയങ്ങൾ, കാഴ്ചപ്പാടുകൾ, ലക്ഷ്യങ്ങൾ തുടങ്ങിയവ സാക്ഷാത്കരിക്കുന്നതിന് ഭരണഘടനയിലെ വ്യവസ്ഥകൾ എത്രമാത്രം പര്യാപ്തമാണെന്ന് നമുക്ക് പരിശോധിക്കാം.

## ഭരണഘടനയുടെ സവിശേഷതകൾ

ക്യാബിനറ്റ് മിഷന്റെ നിർദേശാനുസരണം 1946 ഡിസംബർ 6ന് രൂപീകരിക്കപ്പെട്ട ഭരണഘടനാ നിർമ്മാണസമിതി 1946 ഡിസംബർ 9 മുതൽ 2 വർഷവും 11 മാസവും 17 ദിവസവും നീണ്ടുനിന്ന ഒരു മഹത്തായ പ്രക്രിയയിലൂടെ നിർമ്മിച്ചതാണ് ഇന്ത്യൻ ഭരണഘടന. 1949 നവംബർ 26ന് അംഗീകരിച്ച്, നിയമമാക്കി, നമുക്കായിത്തന്നെ സമർപ്പിച്ച ഇന്ത്യൻ ഭരണഘടനയിൽ 22 ഭാഗങ്ങളിലായി 395 വകുപ്പുകളും 8 പട്ടികകളുമാണ് ഉണ്ടായിരുന്നത്. 1950 ജനുവരി 26ന് നിലവിൽവന്ന ഇന്ത്യൻ ഭരണഘടന കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഒരു സജീവപ്രമാണമായി തുടരുന്നു.

ഇന്ത്യൻ ദേശീയപ്രസ്ഥാനം മുറുകെപ്പിടിച്ചതും ലക്ഷ്യപ്രമേയത്തിൽ സൂചിപ്പിച്ചതുമായ നിരവധി ആശയങ്ങൾ ഭരണഘടനയുടെ ഭാഗമായിട്ടുണ്ട്. വിശദമായ പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷം തയ്യാറാക്കപ്പെട്ട ഭരണഘടനയുടെ സവിശേഷതകൾ നമുക്ക് പരിചയപ്പെടാം.

ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടന → ഒന്നര ലക്ഷത്തോളം വാക്കുകളടങ്ങിയ സമഗ്രവും വിപുലവുമായ രേഖ. രാജ്യത്തിന്റെ വൈവിധ്യവും വൈപുല്യവും പരിഗണിച്ചുള്ള വിശദമായ ഉള്ളടക്കം.

പാർലമെന്ററി ജനാധിപത്യം → കാര്യനിർവഹണവിഭാഗത്തിലെ അംഗങ്ങൾ നിയമനിർമ്മാണസഭയിൽ നിന്നുള്ള വരായിരിക്കും, നിയമനിർമ്മാണവിഭാഗം കാര്യനിർവഹണവിഭാഗത്തെ നിയന്ത്രിക്കുകയും ചെയ്യുന്നു.

**ദൃഢവും അയവുള്ളതുമായ ഘടന**

ചില വ്യവസ്ഥകൾ ഭേദഗതി ചെയ്യാൻ പ്രത്യേക നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. എന്നാൽ മറ്റു ചിലത് സാധാരണ നിയമനിർമ്മാണ രീതിയിൽ ഭേദഗതി ചെയ്യാവുന്നതാണ്.

**മൗലികാവകാശങ്ങളും, മൗലിക കർത്തവ്യങ്ങളും**

- ഓരോ വ്യക്തിക്കും രാഷ്ട്രം ഉറപ്പുവരുത്തേണ്ട അടിസ്ഥാന അവകാശങ്ങൾ.
- പൗരർ രാഷ്ട്രത്തോടും സമൂഹത്തോടും പാലിക്കേണ്ട ഉത്തരവാദിത്വങ്ങൾ.

**മാർഗനിർദേശക തത്വങ്ങൾ**

ഭാവിരാഷ്ട്രത്തിന്റെ സാമൂഹിക-സാമ്പത്തിക അഭിവൃദ്ധിക്കായി രാഷ്ട്രത്തിന് നൽകിയിട്ടുള്ള നിർദേശങ്ങൾ.

**ദ്വിമണ്ഡല നിയമ നിർമ്മാണ സഭകൾ**

മൊത്തം ജനതയെയും പ്രതിനിധീകരിക്കുന്ന അധോസഭ (ലോകസഭ); നിയമനിർമ്മാണത്തിൽ രണ്ടാമതൊരു ചിന്തയ്ക്കായി സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന ഉപരിസഭ (രാജ്യസഭ) എന്നിങ്ങനെ രണ്ടു സഭകൾ.

**ശക്തമായ കേന്ദ്രഗവൺമെന്റോടുകൂടിയ ഫെഡറലിസം**

അധികാരം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമായി വേർതിരിച്ചിട്ടുണ്ട്. എങ്കിലും കേന്ദ്രത്തിന് മേൽക്കൈ നൽകുന്ന ചില സവിശേഷാധികാരങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായ വ്യവസ്ഥ**

നിയമനിർമ്മാണ, കാര്യനിർവഹണവിഭാഗങ്ങളുടെ നിയന്ത്രണത്തിലല്ലാത്ത കോടതി സംവിധാനം.

**സ്വതന്ത്ര ഭരണഘടനാ സ്ഥാപനങ്ങൾ**

ജനാധിപത്യവ്യവസ്ഥ വിപുലവും അർഥപൂർണ്ണവുമാക്കുന്നതിന്, സ്വതന്ത്രസ്വഭാവമുള്ള ഭരണഘടനാ സ്ഥാപനങ്ങൾ.

നിലവിൽ ഭരണഘടനയിൽ എത്ര ഭാഗങ്ങളും പട്ടികകളുമുണ്ട്? കണ്ടെത്തുക.

## ഇന്ത്യൻ ഫെഡറലിസം

ഭരണഘടനയുടെ സവിശേഷതകളെക്കുറിച്ച് ക്ലാസിൽ അവതരിപ്പിച്ച സെമിനാർ പ്രബന്ധത്തിലെ പ്രസക്ത ഭാഗങ്ങൾ ശ്രദ്ധിക്കൂ.

......നമ്മുടെ രാജ്യത്തിന്റെ വൈവിധ്യവും ഐക്യവും ഒരേപോലെ പരിപാലിക്കുന്നതിന് ഫെഡറൽ സംവിധാനം സഹായിക്കുന്നുണ്ട്. കൂടാതെ പ്രാദേശിക പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിലൂടെ വിഘടനവാദ പ്രവണതകളെ ഫലപ്രദമായി ചെറുക്കുന്നതിനും ഇത്തരം ഒരു ഭരണക്രമീകരണം പ്രയോജനപ്പെടുന്നു. ഭരണത്തിന്റെ വിവിധതലങ്ങളെ കൂട്ടിയിണക്കി സാമ്പത്തികപുരോഗതി കൈവരിക്കുന്നതിനും എല്ലാ വിഭാഗങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്തുന്നതിനും ഫെഡറലിസത്തിലൂടെ സാധിക്കുന്നുണ്ട്. കേന്ദ്രവും സംസ്ഥാനങ്ങളും അധികാരം പങ്കിടുന്ന ഈ ഭരണസംവിധാനം ജനാധിപത്യം എന്ന ആശയത്തെ കൂടുതൽ അർഥപൂർണ്ണമാക്കുകയും ചെയ്യുന്നു...

മുകളിൽ കൊടുത്തിരിക്കുന്ന പ്രബന്ധഭാഗത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യ ഫെഡറൽ സംവിധാനം സ്വീകരിക്കാനുള്ള കാരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

- കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയിൽ അധികാരം പങ്കിടുന്നതിലൂടെ ജനാധിപത്യം ഊട്ടിയുറപ്പിക്കുന്നതിന്.
- 
- 
- 
- 
- 

ഭരണഘടനയുടെ അടിസ്ഥാനത്തിൽ അധികാരം രണ്ടുതലങ്ങളിലേക്ക് വിഭജിക്കപ്പെടുന്ന ഭരണസംവിധാനമാണ് ഫെഡറലിസം. കേന്ദ്രഗവൺമെന്റും സംസ്ഥാനഗവൺമെന്റുകളും അധികാരം പങ്കിടുന്ന ഭരണക്രമീകരണമാണിത്. ഫെഡറലിസത്തിന്റെ അടിസ്ഥാന സവിശേഷതകളായി കണക്കാക്കുന്നത്.

എഴുതപ്പെട്ട ദൃഢമായ ഭരണഘടന, അധികാരവിഭജനം, സ്വതന്ത്രമായ നീതി ന്യായവ്യവസ്ഥ എന്നിവയാണ്.

## ഭാഗം I

## യൂണിയനും അതിന്റെ ഭൂപ്രദേശവും

**1. യൂണിയന്റെ പേരും ഭൂപ്രദേശവും**-(1) ഇന്ത്യ അതായത് ഭാരതം, സംസ്ഥാനങ്ങളുടെ ഒരു യൂണിയനായിരിക്കുന്നതാണ്.

[1][(2) സംസ്ഥാനങ്ങളും അവയുടെ ഭൂപ്രദേശങ്ങളും ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള വിധം ആയിരിക്കുന്നതാണ്.]

(3) ഭാരതത്തിന്റെ ഭൂപ്രദേശം -

(ക) സംസ്ഥാനങ്ങളുടെ ഭൂപ്രദേശങ്ങളും;

[2][(ഖ) ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള യൂണിയൻ പ്രദേശങ്ങളും;]

(ഗ) ആർജ്ജിക്കുന്ന മറ്റ് ഭൂപ്രദേശങ്ങളും, അടങ്ങിയതാകുന്നു.

ഇന്ത്യൻ ഭരണഘടനയുടെ ഒന്നാമത്തെ അനുച്ഛേദം നിങ്ങൾ വായിച്ചുവല്ലോ. ഇതുപ്രകാരം ഇന്ത്യ അതായത് ഭാരതം സംസ്ഥാനങ്ങളുടെ ഒരു യൂണിയൻ ആയിരിക്കും. എന്നാൽ ഭരണഘടനയിൽ ഒരിടത്തും ഇന്ത്യ ഒരു ഫെഡറൽ രാഷ്ട്രമാണെന്ന് പരാമർശിക്കുന്നില്ല. ഇന്ത്യയുടെ സാമൂഹികവും പ്രാദേശികവും ഭൂമിശാസ്ത്രപരവുമായ വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്നതിനും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതിനും വേണ്ടിയാണ് നാം ഫെഡറൽ സംവിധാനം സ്വീകരിച്ചത്.

ഇന്ത്യൻ ഫെഡറലിസത്തിന്റെ സവിശേഷതകളിൽ ചിലത് താഴെക്കൊടുക്കുന്നു.



ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യപ്രതിബദ്ധതയുടെ മറ്റൊരു സവിശേഷതയാണ് ഇന്ത്യയുടെ ഫെഡറൽ ഘടന. രാഷ്ട്രത്തിന്റെ അധികാരങ്ങൾ ഒരു തലത്തിൽമാത്രം കേന്ദ്രീകരിക്കാതെ അവ കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും ഇടയിൽ വിഭജിച്ചു നൽകുന്ന സമീപനമാണ് ഇന്ത്യൻ ഭരണഘടന സ്വീകരിച്ചിട്ടുള്ളത്. അധികാരവിഭജനം പരാമർശിക്കുന്ന ഭരണഘടനയുടെ ഏഴാംപട്ടിക നമുക്ക് പരിശോധിക്കാം.

## അധികാരവിഭജനം (Division of Powers) ഏഴാംപട്ടികയിൽ

**യൂണിയൻ ലിസ്റ്റ്** (Union List) - കേന്ദ്രഗവൺമെന്റിന് സമ്പൂർണ്ണ നിയമനിർമ്മാണ അധികാരമുള്ള വിഷയങ്ങളുടെ ഒരു പട്ടികയാണിത്. ഭരണഘടന നിലവിൽ വന്നപ്പോൾ ഇതിൽ 97 വിഷയങ്ങളുണ്ടായിരുന്നു.

ഉദാഹരണം - വിദേശകാര്യം, പ്രതിരോധം, റെയിൽവെ, ബാങ്കിംഗ്, പൗരത്വം തുടങ്ങിയവ

**സംസ്ഥാന ലിസ്റ്റ്** (State List) - സാധാരണഗതിയിൽ സംസ്ഥാന ഗവൺമെന്റുകൾക്ക് നിയമനിർമ്മാണ അധികാരമുള്ള വിഷയങ്ങളുടെ പട്ടികയാണിത്. തുടക്കത്തിൽ ഇതിൽ 66 വിഷയങ്ങളുണ്ടായിരുന്നു.


ഉദാഹരണം - കൃഷി, ജയിൽ, പോലീസ്, തദ്ദേശസ്വയംഭരണം തുടങ്ങിയവ.

**സമവർത്തി ലിസ്റ്റ്** (Concurrent List) - കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റുകൾക്കും നിയമനിർമ്മാണ അധികാരമുള്ള വിഷയങ്ങളുടെ പട്ടികയാണിത്. തുടക്കത്തിൽ ഇതിൽ 47 വിഷയങ്ങളുണ്ടായിരുന്നു.

ഉദാഹരണം - വിദ്യാഭ്യാസം, വനം, ട്രേഡ് യൂണിയനുകൾ, വിവാഹം, ജനന മരണ രജിസ്ട്രേഷൻ മുതലായവ.

**അവശേഷിക്കുന്ന അധികാരങ്ങൾ** (Residuary Powers) - മേൽപ്പറഞ്ഞ മൂന്ന് അധികാര പട്ടികകളിലും ഉൾപ്പെടാത്തതായ വിഷയങ്ങളെ അവശേഷിക്കുന്ന അധികാരങ്ങൾ എന്നാണ് വിളിക്കുന്നത്. ഇവയിലെ നിയമനിർമ്മാണാധികാരം കേന്ദ്ര ഗവൺമെന്റിനാണ്.

ഉദാഹരണം - സൈബർ നിയമങ്ങൾ.



മുകളിൽ കൊടുത്തിരിക്കുന്ന വാർത്താതലക്കെട്ടുകൾ ശ്രദ്ധിച്ചുവല്ലോ. ഇവ ഏത് പട്ടികയിൽ ഉൾപ്പെടുന്നുവെന്ന് രേഖപ്പെടുത്തുക.


| യൂണിയൻ ലിസ്റ്റ് | സംസ്ഥാന ലിസ്റ്റ് | സമവർത്തി ലിസ്റ്റ് |
|---|---|---|
| | | |

ഇന്ത്യൻ ഫെഡറലിസം ജനാധിപത്യത്തെ എങ്ങനെ സ്വാധീനിക്കുന്നു? സംവാദം സംഘടിപ്പിക്കുക.

## അധികാരം വേർതിരിക്കൽ

"ഭരണഘടന ഒരു മൗലികരേഖയാണ്. ഭരണകൂടത്തിന്റെ മൂന്നുഘടകങ്ങളായ എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേച്ചർ എന്നിവയുടെ സ്ഥാനവും അധികാരവും അത് നിർവചിക്കുന്നുണ്ട്... ഭരണഘടനയുടെ ലക്ഷ്യം ഭരണകൂടത്തിന്റെ സംവിധാനങ്ങൾ സൃഷ്ടിക്കുക മാത്രമല്ല, അവയുടെ അധികാരം പരിമിതപ്പെടുത്തുക എന്നതാണ്, കാരണം ഘടകങ്ങളുടെ അധികാരത്തിന്മേൽ ഒരു പരിമിതിയും ഏർപ്പെടുത്തിയില്ലെങ്കിൽ, സമ്പൂർണ്ണ സ്വേച്ഛാധിപത്യവും പൂർണ്ണമായ അടിച്ചമർത്തലും ഉണ്ടാകും".

ഡോ. ബി ആർ അംബേദ്കർ: ഭരണഘടനാ നിർമ്മാണസമിതിയിൽ നടത്തിയ പ്രസംഗത്തിൽ നിന്നും.



## അധികാരം വേർതിരിക്കൽ (Separation of Powers)




നമ്മുടെ ഭരണഘടന വ്യവസ്ഥചെയ്യുന്ന അധികാരം വേർതിരിക്കൽ സംവിധാനത്തെക്കുറിച്ച് ഭരണഘടനാശില്പിയായ ഡോ. ബി.ആർ. അംബേദ്കറുടെ നിരീക്ഷണം ശ്രദ്ധിച്ചുവല്ലോ. ഇന്ത്യൻ ഭരണസംവിധാനത്തിൽ അധികാരം നിയമനിർമ്മാണസഭ, കാര്യനിർവഹണവിഭാഗം, നീതിന്യായവിഭാഗം ഇവയിൽ ഏതെങ്കിലും ഒന്നിൽ കേന്ദ്രീകരിക്കുന്നത് തടയുന്നതിനും ജനാധിപത്യത്തെ പിന്തള്ളി ഏകാധിപത്യം കടന്നുവരാതിരിക്കാനും ഭരണഘടന ശ്രദ്ധിച്ചിട്ടുണ്ട്. ഈ ചർച്ചകളിൽ നിന്നാണ് പാർലമെന്ററി ഭരണസംവിധാനവും ഫെഡറൽ ഘടനയും ഉരുത്തിരിഞ്ഞത്.

ഇനി നമുക്ക് ഭരണഘടനാ വ്യവസ്ഥപ്രകാരം നിയമനിർമ്മാണ സഭ, കാര്യനിർവഹണവിഭാഗം, നീതിന്യായവിഭാഗം എന്നിവയുടെ ഘടനയും അധികാരങ്ങളും ചുമതലകളും എങ്ങനെയാണ് വിഭജിച്ചിരിക്കുന്നതെന്ന് പരിശോധിക്കാം.

### നിയമനിർമ്മാണ സഭ (Legislature)

ഇന്ത്യയുടെ നിയമനിർമ്മാണ സഭയുടെ പേര് പാർലമെന്റ് എന്നാണ്. രാജ്യത്തിനാവശ്യമായ നിയമങ്ങൾ നിർമ്മിക്കുക എന്നതാണ് പാർലമെന്റിന്റെ പ്രാഥമികധർമ്മം. വിവിധങ്ങളായ ജനാഭിലാഷങ്ങളെ മുൻനിർത്തിയും കാലാനുസൃതമായ പരിവർത്തനങ്ങളെ സാധ്യമാക്കുന്നതിനും പുതിയ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും വേണ്ടി നിയമങ്ങൾ നിർമ്മിക്കാറുണ്ട്. ലോക്സഭ, രാജ്യസഭ എന്നീ രണ്ട് സഭകൾ ഉള്ള ഇന്ത്യയുടെ പാർലമെന്റ് ഒരു ദ്വിമണ്ഡല നിയമനിർമ്മാണ സഭയാണ്. വലുപ്പവും വൈവിധ്യവുമുള്ള രാജ്യങ്ങൾ സാധാരണയായി അവയുടെ ദേശീയ നിയമനിർമ്മാണസഭയിൽ രണ്ടുസഭകൾ സ്ഥാപിക്കാറുണ്ട്. രാജ്യത്തെ എല്ലാ വൈവിധ്യങ്ങളെയും (ജനങ്ങളെയും പ്രദേശങ്ങളെയും) പ്രതിനിധാനം ചെയ്യുന്നതിന് ഇത് സഹായകമാണ്. കൂടാതെ ജനാധിപത്യപരമായ ചർച്ചകളും സംവാദങ്ങളും സാധ്യമാക്കുന്നതിൽ ദ്വിമണ്ഡല നിയമനിർമ്മാണസഭകൾ പ്രധാന പങ്കുവഹിക്കുന്നു. സംസ്ഥാനങ്ങളിൽ നിയമനിർമ്മാണം നടത്തുന്നത് സംസ്ഥാന നിയമനിർമ്മാണസഭകളാണ്.

നിയമനിർമ്മാണസഭയുടെ ചുമതലകൾ ഏതെല്ലാമാണെന്ന് പരിചയപ്പെടാം.

**പാർലമെന്റിന്റെ പ്രധാന ചുമതലകൾ**

- നിയമനിർമ്മാണം
- എക്സിക്യൂട്ടീവിനെ നിയന്ത്രിക്കുക
- പൊതുധനത്തിന്റെ സംരക്ഷകനായി പ്രവർത്തിക്കുക
- ഇംപീച്ച്മെന്റ് നടപടിക്രമങ്ങളിൽ ജുഡീഷ്യൽ അധികാരിയായി പ്രവർത്തിക്കുക
- രാഷ്ട്രപതി, ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകളിൽ പങ്കാളിയാവുക
- ഭരണഘടന ഭേദഗതി പരിഗണിക്കലും അംഗീകരിക്കലും

പാർലമെന്റിന്റെ പ്രധാനചുമതലകൾ പരിചയപ്പെട്ടല്ലോ. പാർലമെന്റിന്റെ രണ്ടുസഭകളായ ലോകസഭയുടെയും രാജ്യസഭയുടെയും പ്രധാനസവിശേഷതകൾ പരിശോധിക്കാം.


## ലോകസഭ



പാർലമെന്റിന്റെ അധോമണ്ഡലമാണ് ലോകസഭ. ഭൂരിപക്ഷ സമ്പ്രദായപ്രകാരം ജനങ്ങൾ നേരിട്ടാണ് ലോകസഭാംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. ഇരുപത്തിയഞ്ചുവയസ്സ് പൂർത്തിയായ ഇന്ത്യൻ പൗരർക്ക് ലോകസഭയിലേക്ക് മത്സരിക്കാൻ യോഗ്യതയുണ്ട്. ലോകസഭയുടെ കാലാവധി അഞ്ചുവർഷമാണ്. ലോകസഭയുടെ പരമാവധി അംഗബലം 550 ആണ്. എന്നാൽ നിലവിൽ 543 (2023) തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണുള്ളത്. ലോകസഭയിലെ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാരുകളുടെ രൂപീകരണവും നിലനിൽപ്പും സാധ്യമാകുന്നത്. ഒരു പാർട്ടിക്കോ സഖ്യത്തിനോ സർക്കാർ രൂപീകരിക്കാൻ കഴിയാത്ത സാഹചര്യത്തിലോ ഭരിക്കുന്ന പാർട്ടിക്കോ സഖ്യത്തിനോ ഭൂരിപക്ഷം നഷ്ടപ്പെടുന്ന സാഹചര്യത്തിലോ രാജ്യം പൊതുതിരഞ്ഞെടുപ്പിലേക്ക് പോകുന്നതാണ്. ലോകസഭയുടെ അധ്യക്ഷൻ സ്പീക്കറാണ്. ധനപരമായ വിഷയങ്ങളിൽ ലോകസഭയ്ക്ക് രാജ്യസഭയെക്കാൾ കൂടുതൽ അധികാരങ്ങളുണ്ട്. ധനബില്ലും അവിശ്വാസപ്രമേയവും അവതരിപ്പിക്കുന്നത് ലോകസഭയിലാണ്.

## രാജ്യസഭ

പാർലമെന്റിലെ ഉപരിസഭയാണ് രാജ്യസഭ. ജനസംഖ്യാനുപാതികമായി സംസ്ഥാനങ്ങൾക്ക് പ്രാതിനിധ്യം നൽകിയിരിക്കുന്ന സഭയാണിത്. സംസ്ഥാന നിയമനിർമ്മാണ സഭകളിലെ തിരഞ്ഞെടുക്കപ്പെട്ട എം.എൽ.എ. മാരാണ് രാജ്യസഭാംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. മുപ്പതുവയസ്സ് പൂർത്തിയായ ഇന്ത്യൻപൗരർക്ക് രാജ്യസഭയിലേക്ക് മത്സരിക്കാൻ യോഗ്യതയുണ്ട്.



രാജ്യസഭ ഒരു സ്ഥിരംസഭയാണ്. സഭാംഗങ്ങളുടെ കാലാവധി ആറുവർഷമാണ്. രാജ്യസഭയിലെ മൂന്നിലൊന്ന് അംഗങ്ങൾ ഓരോ രണ്ടുവർഷം കൂടുമ്പോഴും വിരമിക്കുകയും ആ ഒഴിവുകളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുകയും ചെയ്യുന്നു. ഉപരാഷ്ട്ര പതിയാണ് രാജ്യസഭയുടെ അധ്യക്ഷൻ. രാജ്യ സഭയുടെ പരമാവധി അംഗബലം 250 ആണ്. ഇതിൽ 238 പേരെ തിരഞ്ഞെടുക്കുകയും 12 പേരെ രാഷ്ട്ര പതി നാമനിർദേശം ചെയ്യുകയും ചെയ്യുന്നു. ഉപ രാഷ്ട്രപതിയെ നീക്കംചെയ്യാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നത് രാജ്യസഭയിൽ നിന്നാണ്. കൂടാതെ പുതിയ അഖിലേന്ത്യാ സർവീസ് സൃഷ്ടിക്കുന്നതിന് പാർലമെന്റിനെ ചുമതലപ്പെടുത്താനുള്ള അധികാരം രാജ്യസഭയിൽ നിക്ഷി പ്തമാണ്.

ലോകസഭയുടെയും രാജ്യസഭയുടെയും സവിശേഷതകൾ മനസ്സിലാക്കി യല്ലോ. താഴെക്കൊടുത്തിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.

| ലോകസഭ | രാജ്യസഭ |
|---|---|
| അധോസഭ | ഉപരിസഭ |
| | |
| | |
| | |
| | |

കേരളത്തിൽ എത്ര ലോകസഭാമണ്ഡലങ്ങൾ ഉണ്ട്? അവയുടെ പേരുകൾ കണ്ടെത്തുക.

## നിയമനിർമ്മാണം ഇന്ത്യയിൽ

ഇന്ത്യയിൽ നിയമം നിർമ്മിക്കാനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്ത മാണ്. നിയമനിർമ്മാണപ്രക്രിയയിൽ ഭരണഘടന അനുശാസിക്കുന്നതും പിന്നീട് രൂപപ്പെട്ടുവന്നതുമായ നിരവധി നടപടിക്രമങ്ങളുണ്ട്. നിയമ നിർമ്മാണം കേവലം ഒരു സാങ്കേതികപ്രക്രിയ മാത്രമല്ല, ഒരു രാഷ്ട്രീയ പ്രക്രിയ കൂടിയാണ്. സമൂഹത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള ജനാഭി പ്രായങ്ങളോട് സർക്കാരിന്റെ പ്രതികരണമാണ് നിയമങ്ങൾ. രാഷ്ട്രീയ പാർട്ടികളുടെ തിരഞ്ഞെടുപ്പുവാഗ്ദാനം പാലിക്കുന്നതിന്റെ ഭാഗമായും ഭരണ പ്രക്രിയ കൂടുതൽ സുഗമമാക്കുന്നതിനായും നിയമനിർമ്മാണം നടത്താറുണ്ട്. നിയമനിർമ്മാണത്തിന് മന്ത്രിസഭ അംഗീകാരം നൽകിയാൽ ബന്ധപ്പെട്ട

മന്ത്രാലയത്തിന്റെ മേൽനോട്ടത്തിലും നിർദേശങ്ങൾക്കും അനുസൃതമായി ഉദ്യോഗസ്ഥരാണ് നിയമത്തിന്റെ കരടുരൂപമായ ബിൽ തയ്യാറാക്കുന്നത്.

ബില്ലുകൾ വിവിധതരമുണ്ട്. മന്ത്രിമാർ അവതരിപ്പിക്കുന്ന ബില്ലാണ് ഗവൺമെന്റ് ബിൽ. മന്ത്രിയല്ലാത്ത പാർലമെന്റ് അംഗം അവതരിപ്പിക്കുന്ന ബില്ലാണ് സ്വകാര്യ ബിൽ. ഇതുകൂടാതെ പൊതുഖജനാവിലേക്കുള്ള ധനസമാഹരണവും ചെലവഴിക്കലും സംബന്ധിച്ച ബില്ലുകളാണ് ധനബില്ലുകൾ. ധനബിൽ ലോകസഭയിലാണ് ആദ്യം അവതരിപ്പിക്കുന്നത്. ധനബില്ലുകളല്ലാത്തവയാണ് ധനേതര ബില്ലുകൾ. ഭരണഘടനാഭേദഗതി ബില്ലുകളും സാധാരണബില്ലുകളുമാണ് ധനേതരബില്ലുകളായി കണക്കാക്കുന്നത്.

ഒരു ബിൽ നിയമമാകുന്നതിന്റെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടാം?

**ഒന്നാം വായന** - ധനബിൽ അല്ലാത്ത ഏതൊരു ബില്ലും ഇരുസഭകളിൽ ഏതെങ്കിലുമൊന്നിൽ മന്ത്രിയോ സ്വകാര്യ അംഗമോ അവതരിപ്പിക്കുന്നു.

**രണ്ടാം വായന** – ഈ ഘട്ടത്തിൽ ബിൽ കമ്മറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയോ സഭയിൽ തന്നെ ചർച്ചചെയ്യുകയോ ചെയ്യുന്നു. കമ്മറ്റിഘട്ടം എന്നും ഇത് അറിയപ്പെടുന്നു. മാറ്റങ്ങളോ ഭേദഗതികളോ ഈ ഘട്ടത്തിൽ സ്വീകരിക്കാം.

**മൂന്നാം വായന** – ബിൽ സഭ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നു.

ബിൽ ആദ്യമവതരിപ്പിച്ച സഭയിൽ നടപടിക്രമങ്ങൾ പൂർത്തിയായാൽ ഇതേ പ്രക്രിയ രണ്ടാമത്തെ സഭയിലും ആവർത്തിക്കപ്പെടുന്നു. ഇരുസഭകളും അംഗീകരിക്കുന്നപക്ഷം ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്നു. രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്നതോടുകൂടി ബിൽ നിയമമായി മാറുന്നു.

## ഭരണഘടനാ ഭേദഗതി

**61-ാം ഭരണഘടനാഭേദഗതിക്ക് അംഗീകാരം: 18 വയസ്സ് പൂർത്തിയായാൽ ഇനി തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാം.**

**86-ാം ഭരണഘടനാഭേദഗതിക്ക് രാഷ്ട്രപതിയുടെ അംഗീകാരം: വിദ്യാഭ്യാസം നമുക്കിനി മൗലികാവകാശം.**

**101-ാം ഭേദഗതി പ്രകാരം ചരക്ക് സേവനനികുതി (GST) നിലവിൽ വന്നു**

മുകളിൽ കൊടുത്തിട്ടുള്ള വാർത്താ തലക്കെട്ടുകൾ ശ്രദ്ധിക്കൂ... ഭരണഘടനാ ഭേദഗതിയുടെ ആവശ്യകത ചർച്ചചെയ്യൂ...

ഭരണഘടനയിൽ തിരുത്തലുകളോ ഒഴിവാക്കലുകളോ കൂട്ടിച്ചേർക്കലുകളോ വരുത്തുന്നതിനെയാണ് ഭരണഘടനാഭേദഗതിയെന്ന് പറയുന്നത്. സാമൂഹിക-രാഷ്ട്രീയ ആവശ്യങ്ങളെ പരിഗണിച്ച് കാലാനുസൃതമായി ഭരണഘടനയിൽ മാറ്റംവരുത്തുവാൻ ഭേദഗതി പ്രക്രിയ സഹായകമാകുന്നു. ഇന്ത്യയിൽ ഭരണഘടന ഭേദഗതിചെയ്യുന്നതിനുള്ള അധികാരം പാർലമെന്റിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്. ഭരണഘടനയുടെ അനുച്ഛേദം 368 പ്രകാരമാണ് പാർലമെന്റിന് ഭേദഗതിക്കുള്ള അധികാരം ലഭിക്കുന്നത്. ഭേദഗതി ബില്ലിന് രാഷ്ട്രപതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല. ഭരണഘടനാഭേദഗതി ബിൽ നിയമമാകണമെങ്കിൽ ഇരുസഭകളുടെയും അംഗീകാരം അനിവാര്യമാണ്. ഇരുസഭകൾക്കുമിടയിൽ ഭരണഘടനാഭേദഗതി ബില്ലിന്മേലുള്ള തർക്കങ്ങൾ പരിഹരിക്കാനായി സംയുക്തസമ്മേളനം പോലുള്ള നടപടിക്രമം ഇല്ല. ഏതെങ്കിലും ഒരു ഭരണഘടനാ ഭേദഗതിനിയമം ഭരണഘടനയുടെ വാക്കുകൾക്കോ അർഥത്തിനോ വിരുദ്ധമാണെന്ന് കണ്ടാൽ ആ നിയമത്തെ അസാധുവാക്കുവാൻ ജുഡീഷ്യറിക്ക് അധികാരമുണ്ട്.

ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന വിവിധ ഭേദഗതിരീതികൾ പരിചയപ്പെടാം.

## ഭേദഗതി രീതികൾ

**അയവുള്ള ഭേദഗതി**

ഇന്ത്യൻ ഭരണഘടനയിലെ ചില വകുപ്പുകൾ പാർലമെന്റിന് കേവല ഭൂരിപക്ഷത്തിലൂടെ സാധാരണ നിയമനിർമ്മാണത്തിന് സമാനമായ നടപടിക്രമങ്ങൾ വഴി ഭേദഗതി ചെയ്യാവുന്നതാണ്. ഉദാഹരണം- സംസ്ഥാനങ്ങളുടെ പേര്, അതിരുകൾ, പൗരത്വം തുടങ്ങിയവ.

**ദൃഢമായ ഭേദഗതി**

ചില പ്രധാനപ്പെട്ട വകുപ്പുകളിൽ ഭേദഗതി വരുത്തുവാൻ പാർലമെന്റിന്റെ ഇരുസഭകളുടെയും പ്രത്യേക ഭൂരിപക്ഷം ആവശ്യമാണ്. ഉദാഹരണം - മൗലികാവകാശങ്ങൾ, മാർഗനിർദേശക തത്വങ്ങൾ തുടങ്ങിയവ.

**അതിദൃഢമായ ഭേദഗതി**

ചില അതിപ്രധാനമായ വകുപ്പുകൾ പാർലമെന്റിന്റെ ഇരുസഭകളുടെയും പ്രത്യേക ഭൂരിപക്ഷത്തോടൊപ്പം പകുതിയിൽ കുറയാത്ത സംസ്ഥാനങ്ങളുടെ അംഗീകാരത്തോടും കൂടി മാത്രമേ ഭേദഗതി ചെയ്യാൻ കഴിയുകയുള്ളൂ. ഉദാഹരണം - കേന്ദ്ര – സംസ്ഥാന അധികാര വിഭജനം, ജനപ്രാതിനിധ്യ നിയമം തുടങ്ങിയവ.


ഇന്ത്യൻ ഭരണഘടനയുടെ മൂന്നുതരം ഭേദഗതികൾ പരിചയപ്പെട്ടുവല്ലോ. അതിന്റെ അടിസ്ഥാനത്തിൽ താഴെക്കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| വിഷയങ്ങൾ | ഭേദഗതി രീതി |
|---|---|
| സംസ്ഥാനങ്ങളുടെ പേരുമാറ്റം | |
| 86-ാം ഭരണഘടനാഭേദഗതി | |
| കൺകറന്റ് ലിസ്റ്റിൽ ഭേദഗതി വരുത്തൽ | |

കാലാനുസൃതമായ മാറ്റങ്ങൾ ഭേദഗതികൾ വഴി ഉൾച്ചേർക്കുന്നതിലൂടെ നമ്മുടെ ഭരണഘടന ഒരു സജീവ ഭരണഘടനയായി പരിണമിക്കുന്നു. പാർലമെന്റിലെ നിയമനിർമ്മാണപ്രക്രിയ നാം പരിചയപ്പെട്ടുവല്ലോ. പാർലമെന്റ് പാസാക്കുന്ന നിയമങ്ങൾ നടപ്പിൽവരുത്തുക എന്ന കർത്തവ്യം നിർവഹിക്കുന്നത് കാര്യനിർവഹണ വിഭാഗമാണ്.


## കാര്യനിർവഹണ വിഭാഗം (Executive)

നിയമങ്ങളുടെയും നയങ്ങളുടെയും നടപ്പിലാക്കൽ, ഭരണനിർവഹണം എന്നീ ചുമതലകൾ നിർവഹിക്കുന്ന ഗവൺമെന്റിന്റെ വിഭാഗമാണ് കാര്യനിർവഹണ വിഭാഗം. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തലവനായ മന്ത്രിസഭ എന്നിവ ഉൾപ്പെടുന്നതാണ് കാര്യനിർവഹണവിഭാഗം. ഇന്ത്യൻ ഭരണഘടന പ്രകാരം കാര്യനിർവഹണവിഭാഗത്തിന്റെ അധികാരങ്ങൾ രാഷ്ട്രപതിയിലാണ് നിക്ഷിപ്തമായിരിക്കുന്നതെങ്കിലും അത് നിർവഹിക്കപ്പെടുന്നത് പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിലൂടെയാണ്.



മുകളിൽ നൽകിയിട്ടുള്ള ഫ്ലോ ചാർട്ട് ശ്രദ്ധിച്ചല്ലോ. ഇവയോരോന്നും നമുക്ക് പരിചയപ്പെടാം.

### രാഷ്ട്രീയ കാര്യനിർവഹണ വിഭാഗം (Political Executive)



ഡോ. രാജേന്ദ്രപ്രസാദ്
(ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതി)

രാഷ്ട്രപതി, ഉപരാഷ്ട്രപതി, സർക്കാരിന് നേതൃത്വം നൽകുന്ന പ്രധാനമന്ത്രി, മന്ത്രിമാർ എന്നിവരടങ്ങുന്നതാണ് രാഷ്ട്രീയ കാര്യനിർവഹണവിഭാഗം. ഭരണഘടനാപരമായി രാഷ്ട്രപതിയാണ് കാര്യനിർവഹണവിഭാഗത്തിന്റെ തലവൻ. എന്നാൽ പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയും നൽകുന്ന ഉപദേശങ്ങൾ അനുസരിച്ചുവേണം രാഷ്ട്രപതി പ്രവർത്തിക്കേണ്ടത്. അതേസമയം രാഷ്ട്രപതിക്ക് സ്വന്തം വിവേചനാധികാരം ഉപയോഗിച്ച് പ്രവർത്തിക്കാവുന്ന സാഹചര്യങ്ങളുമുണ്ട്.

### രാഷ്ട്രപതി (President)

ഇന്ത്യയിലെ കാര്യനിർവഹണവിഭാഗത്തിന്റെ തലവനാണ് രാഷ്ട്രപതി. മുപ്പത്തിയഞ്ചുവയസ്സ് പൂർത്തിയായ ഇന്ത്യൻ പൗരർക്ക് രാഷ്ട്രപതി സ്ഥാനത്തേക്ക് മത്സരിക്കാൻ യോഗ്യതയുണ്ട്. പാർലമെന്റിന്റെ ഇരുസഭകളിലെയും സംസ്ഥാന നിയമനിർമ്മാണ സഭകളിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഉൾക്കൊള്ളുന്ന ഇലക്ടറൽകോളേജാണ് രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്. അഞ്ചുവർഷമാണ് രാഷ്ട്രപതിയുടെ ഔദ്യോഗികകാലാവധി. പാർലമെന്റ് വിളിച്ചുചേർക്കുക, ലോകസഭ പിരിച്ചുവിടുക, പ്രധാനമന്ത്രിയെയും മന്ത്രിസഭയെയും നിയമിക്കുക, സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാരെ നിയമിക്കുക, സംസ്ഥാന ഗവർണ്ണർമാരെ നിയമിക്കുക, അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുക, പ്രതിരോധസേനകളുടെ സർവസൈന്യാധിപനായി പ്രവർത്തിക്കുക തുടങ്ങിയവയാണ് രാഷ്ട്രപതിയുടെ ചുമതലകൾ. രാഷ്ട്രപതി രാജി സമർപ്പിക്കുന്നത് ഉപരാഷ്ട്രപതിയ്ക്കാണ്. രാഷ്ട്രപതിയുടെ അഭാവത്തിൽ ഉപരാഷ്ട്രപതിയാണ് ഈ ചുമതലകൾ നിർവഹിക്കുന്നത്.

### പ്രധാനമന്ത്രി (Prime Minister)

രാജ്യത്തെ ഭരണത്തലവനായ പ്രധാനമന്ത്രി ലോകസഭയിൽ ഭൂരിപക്ഷമുള്ള പാർട്ടിയുടെയും മുന്നണിയുടെയും, രാജ്യത്തിന്റെയും നേതാവാണ്. മന്ത്രിസഭ രൂപീകരിക്കുന്നതും മന്ത്രിസഭയിലെയും ക്യാബിനറ്റിലെയും അംഗങ്ങളെ നിശ്ചയിക്കുന്നതും പ്രധാനമന്ത്രിയാണ്. മന്ത്രിമാരുടെ വകുപ്പുകളിൽ മാറ്റംവരുത്തുവാനും ക്യാബിനറ്റിലേക്കും മന്ത്രിസഭയിലേക്കും അംഗങ്ങളെ ഉൾപ്പെടുത്തുവാനും ഒഴിവാക്കുവാനുമുള്ള അധികാരം പ്രധാനമന്ത്രിക്കുണ്ട്. രാഷ്ട്രപതിയെയും മന്ത്രിസഭയെയും പാർലമെന്റിനെയും

പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രധാനമന്ത്രി പ്രവർത്തിക്കുന്നു. അഞ്ചുവർഷക്കാലാവധിക്കു മുമ്പായി ലോക്സഭയിലെ ഭൂരിപക്ഷം നഷ്ടമായാൽ പ്രധാനമന്ത്രി രാഷ്ട്രപതിക്ക് രാജി സമർപ്പിച്ച് പദവി ഒഴിയേണ്ടതാണ്.

താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവയ്ക്ക് നേരെ (✓) തെറ്റായവയ്ക്കുനേരെ (✗) ചെയ്യുക.

- കാര്യനിർവഹണവിഭാഗത്തിന്റെ തലവൻ പ്രധാനമന്ത്രിയാണ്. ☐
- രാഷ്ട്രപതിക്ക് വിവേചനാധികാരമുണ്ട്. ☐
- മന്ത്രിസഭയുടെ തലവൻ പ്രധാനമന്ത്രിയാണ്. ☐
- പ്രതിരോധസേനകളുടെ സർവസൈന്യാധിപൻ പ്രധാനമന്ത്രിയാണ്. ☐
- ഗവർണർമാരെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. ☐
- രാഷ്ട്രപതി രാജി സമർപ്പിക്കുന്നത് പ്രധാനമന്ത്രിക്കാണ്. ☐
- ഗവർണറാണ് പ്രധാനമന്ത്രിയെ നിയമിക്കുന്നത്. ☐

രാഷ്ട്രപതിയെ ഭരണനിർവഹണത്തിൽ സഹായിക്കുന്ന സമിതിയാണ് മന്ത്രിസഭ. ഇതിന്റെ തലവൻ പ്രധാനമന്ത്രിയാണ്. മന്ത്രിസഭയുടെ പ്രധാന ചുമതലകൾ പരിശോധിക്കാം.

## മന്ത്രിസഭയുടെ ചുമതലകൾ



### സ്ഥിരകാര്യനിർവഹണ വിഭാഗം (Permanent Executive)


ഗവൺമെന്റിന്റെ ദൈനംദിനപ്രവർത്തനങ്ങൾ നിറവേറ്റുന്നതും, ബജറ്റ് ഉൾപ്പെടെയുള്ള ബില്ലുകൾ രൂപീകരിക്കുന്നതിൽ രാഷ്ട്രീയകാര്യനിർവഹണ വിഭാഗത്തെ സഹായിക്കുന്നതും ബ്യൂറോക്രസി (Bureaucracy) എന്നറിയപ്പെടുന്ന ഉദ്യോഗസ്ഥവൃന്ദമാണ്. യോഗ്യതയുടെ അടിസ്ഥാനത്തിൽ മത്സരപരീക്ഷകളിലൂടെ തിരഞ്ഞെടുക്കപ്പെടുകയും പരിശീലനം ലഭിക്കുകയും ചെയ്യുന്ന വൈദഗ്ധ്യമുള്ളവരും നിപുണരുമായ വിഭാഗമാണിവർ. നിശ്ചിത റിട്ടയർമെന്റ് പ്രായംവരെ കാലാവധി ഉള്ളവരാകയാലാണ് ഇവരെ 'സ്ഥിരകാര്യനിർവഹണ വിഭാഗം' എന്ന് വിളിക്കുന്നത്.

### നീതിന്യായ വിഭാഗം (Judiciary)





മുകളിൽ പറഞ്ഞിരിക്കുന്ന നിയമനിർമ്മാണ കാര്യനിർവഹണവിഭാഗങ്ങൾ ഭരണഘടനാനുസൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന സംവിധാനമാണ് നീതിന്യായവിഭാഗം. പൗരരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം ഭരണഘടനാമൂല്യങ്ങളും സംരക്ഷിക്കുന്നു. അതുകൊണ്ട് നീതിന്യായവിഭാഗം ഭരണഘടനയുടെ 'കാവലാൾ' എന്ന് അറിയപ്പെടുന്നു. കാര്യക്ഷമമായ ജനാധിപത്യവ്യവസ്ഥയ്ക്ക് സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായ സംവിധാനം അനിവാര്യമാണ്.




"നോക്കൂ അമ്മൂ,... സുപ്രീംകോടതിയുടെ നേതൃത്വത്തിൽ ഒരു ഏക സംയോജിത ജുഡീഷ്യൽ സംവിധാനമാണ് ഇന്ത്യയിലുള്ളത്. പിരമിഡിന്റെ രൂപത്തിൽ ക്രമീകരിച്ചിരിക്കുന്ന നമ്മുടെ ജുഡീഷ്യൽ വ്യവസ്ഥയിൽ മുകളിലേക്ക് പോകുംതോറും കോടതികളുടെ എണ്ണം കുറയുകയും അധികാരങ്ങൾ കൂടുകയും ചെയ്യുന്നു. താഴേക്ക് വരുംതോറും കോടതികളുടെ എണ്ണം കൂടുകയും അധികാരങ്ങൾ കുറയുകയും ചെയ്യുന്നു."



## സുപ്രീംകോടതി (Supreme Court)

നമ്മുടെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി നിലവിൽ വന്നത് 1950 ജനുവരി 28നാണ്. ന്യൂഡൽഹിയാണ് ആസ്ഥാനം. സുപ്രീംകോടതി ജഡ്ജിമാരുടെ ഔദ്യോഗിക കാലാവധി അറുപത്തിയഞ്ച് വയസ്സാണ്. ജഡ്ജിമാരെ കാലാവധിക്ക് മുമ്പായി നീക്കംചെയ്യുന്നതിനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമാണ്. ചീഫ് ജസ്റ്റിസും മറ്റ് ജഡ്ജിമാരും സത്യപ്രതിജ്ഞ ചെയ്യുന്നതും രാജി സമർപ്പിക്കുന്നതും രാഷ്ട്രപതി മുമ്പാകെയാണ്. വിവിധതരത്തിലുള്ള നിയമതർക്കങ്ങൾക്ക് പരിഹാരം നൽകുന്നതോടൊപ്പം സുപ്രീംകോടതി ഭരണഘടനയുടെ പരമോന്നത വ്യാഖ്യാതാവായും മൗലികാവകാശങ്ങളുടെ സംരക്ഷകരായും നിലകൊള്ളുന്നു.

## സുപ്രീംകോടതിയുടെ അധികാരങ്ങൾ

- **ഉത്ഭവാധികാരം** : സുപ്രീംകോടതിക്ക് മാത്രം പരിഹരിക്കാൻ കഴിയുന്ന ചില വിഷയങ്ങളാണ് ഉത്ഭവാധികാരങ്ങളുടെ പരിധിയിൽ വരുന്നത്. ഉദാഹരണം - കേന്ദ്ര-സംസ്ഥാന തർക്കങ്ങൾ.
- **അപ്പീൽ പരിഗണിക്കാനുള്ള അധികാരം** : സുപ്രീംകോടതി ഏറ്റവും ഉയർന്ന അപ്പീൽകോടതിയാണ്. അതുകൊണ്ടുതന്നെ രാജ്യത്തെ ഏതൊരു കീഴ്ക്കോടതിയുടെയും വിധിയിന്മേൽ വരുന്ന അപ്പീലുകൾ സ്വീകരിക്കാനുള്ള അധികാരം സുപ്രീംകോടതിക്കുണ്ട്.
- **ഉപദേശക അധികാരം** : രാഷ്ട്രപതി ആവശ്യപ്പെടുന്ന ഏതൊരു വിഷയത്തെ സംബന്ധിച്ചും നിയമോപദേശം നൽകുവാൻ സുപ്രീംകോടതിക്ക് ഭരണഘടനാപരമായ ബാധ്യതയുണ്ട്.
- **റിട്ട് അധികാരം** : മൗലികാവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ അവയുടെ സംരക്ഷണാർഥം റിട്ടുകളുടെ രൂപത്തിൽ പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കാൻ സുപ്രീംകോടതിക്ക് അധികാരമുണ്ട്.
- **പുനരവലോകന അധികാരം** : ഭരണഘടനയുടെ സംരക്ഷകർ എന്ന ചുമതല നിർവഹിക്കുന്നതിൽ നീതിന്യായ വിഭാഗത്തിന് ഏറ്റവും കരുത്തായി നിൽക്കുന്നത് അതിന്റെ 'നീതിന്യായ പുനരവലോകന' അധികാരമാണ്.


> **നീതിന്യായ പുനരവലോകനം**
>
> **(Judicial Review)**
>
> പാർലമെന്റ് പാസാക്കുന്ന നിയമങ്ങളുടെയും കാര്യനിർവഹണ വിഭാഗം പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും ഭരണഘടനാസാധുത പരിശോധിക്കുവാനും അവ ഭരണഘടനയുടെ വാക്കുകൾക്കോ അർഥത്തിനോ വിരുദ്ധമാണെന്ന് ബോധ്യമായാൽ അവയെ ഭരണഘടനാവിരുദ്ധമെന്ന് പ്രഖ്യാപിക്കുവാനുമുള്ള സുപ്രീംകോടതിയുടെ പ്രത്യേക അധികാരമാണ് നീതിന്യായ പുനരവലോകന അധികാരം.

## പരസ്പരനിയന്ത്രണവും അധികാരസന്തുലനവും (Checks and Balances)

ഭരണഘടനാപരമായി ഗവൺമെന്റിന്റെ അധികാരങ്ങൾ, നിയമനിർമ്മാണം, കാര്യനിർവഹണം, നീതിന്യായം എന്നീ മൂന്ന് വിഭാഗങ്ങൾക്കായി വിഭജിച്ച് നൽകിയിരിക്കുന്നു. എന്നിരുന്നാലും ഇവയ്ക്കിടയിൽ യുക്തിസഹമായ ഒരു

പരസ്പരനിയന്ത്രണവും ഏകോപനവും അധികാരപ്രയോഗത്തിലെ സന്തുലനവും സാധ്യമാക്കുവാൻ നമ്മുടെ ഭരണഘടന ശ്രദ്ധിച്ചിട്ടുണ്ട്.

ചുവടെ കൊടുത്തിരിക്കുന്ന ഡയഗ്രം നിരീക്ഷിക്കുക.




ഇന്ത്യൻഭരണഘടന ജനാധിപത്യമെന്ന ഭരണസംവിധാനത്തെയും മൂല്യത്തെയും അതിന്റെ രാഷ്ട്രസങ്കല്പങ്ങളിൽ ഉറപ്പിക്കുന്നു. അധികാരകേന്ദ്രീകരണം ഒഴിവാക്കുന്നതിനും സ്വേച്ഛാധിപത്യ പ്രവണതകൾ തടയുന്നതിനും ജനാധിപത്യം പരിപാലിക്കുന്നതിനും വേണ്ടിയാണ് ഗവൺമെന്റിന്റെ അധികാരം മൂന്ന് ശാഖകൾക്കിടയിൽ വിഭജിച്ച് നൽകിയിരിക്കുന്നത്. സ്വാതന്ത്ര്യസമരത്തിന്റെ ആശയങ്ങളും അഭിലാഷങ്ങളും ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൂല്യങ്ങളും ദർശനങ്ങളും വ്യവസ്ഥാപിതമാക്കാനുള്ള ശ്രമങ്ങളാണ് ഗവൺമെന്റിന്റെ ശാഖകളിലൂടെ നമ്മുടെ രാഷ്ട്രം നടപ്പിലാക്കിവരുന്നത്.

## തുടർപ്രവർത്തനങ്ങൾ

- 'ഇന്ത്യൻ ഫെഡറലിസത്തിന്റെ സവിശേഷതകൾ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക.
- ഭരണഘടനയുടെ അധികാരപ്പട്ടികയിൽപ്പെടുന്ന മൂന്നു ലിസ്റ്റുകളിൽ നിലവിൽ എത്ര വിഷയങ്ങൾ വീതമുണ്ടെന്ന് ലൈബ്രറിയുടെ സഹായത്തോടെ കണ്ടെത്തുക.
- നിയമനിർമ്മാണപ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ഉൾപ്പെടുന്ന രീതിയിൽ ഒരു 'മാതൃകാ പാർലമെന്റ്' ക്ലാസിൽ സംഘടിപ്പിക്കുക.
- സുപ്രീംകോടതിയുടെ അധികാരങ്ങൾ സംബന്ധിച്ച് നിയമവിദഗ്ധനുമായി ഒരു അഭിമുഖം സംഘടിപ്പിക്കുക.